# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ക്രിസ്തുവിനെ സ്നേഹിക്കുകയെന്നാൽ? മുൻ പ്രൊട്ടസ്റ്റന്റ് പാസ്റ്ററുടെ അനുഭവങ്ങൾ



ഒഹായോ: ഒഹായോയിലെ സ്റ്റുബൻവിൽ ഫ്രാൻസിസ്കൻ യൂണിവേഴ്സിറ്റിയിൽ ജൂലൈ 24-26 തീയതികളിൽ നടക്കുന്ന കോൺഫറൻസിൽ ലോകം കൺ മികച്ച വാഗ്മികളിൽ ഒരാളും പ്രശസ്ത എഴുത്തുകാരനും മുൻ പ്രൊട്ടസ്റ്റന്റ് പാസ്റ്ററുമായ ഉൾഫ് എക്മാൻ തന്റെ അനുഭവം പങ്കുവയ്ക്കും.

അദ്ദേഹത്തിന്റെ അനുഭവകഥയെ ലോകം മുഴുവനും, പ്രത്യേകിച്ച് പ്രൊട്ടസ്റ്റന്റ്സഭാംഗങ്ങൾ ആകാംക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. അനേകം രാജ്യങ്ങളിൽ വേരുകൾ വ്യാപിച്ചിട്ടും മുപ്പതു വർഷമായി താൻ അധ്വാനിച്ചും പ്രാർത്ഥിച്ചും ഉയർത്തിയെടുത്ത സ്വീഡനിലെ വേഡ് ഓഫ് ലൈഫ് (ലിവ്റ്റ്സ് ഓർഡ്) സഭയെ മറ്റൊരു നേതാവിന് ഭരമേൽപ്പിച്ച് 2014 മേയ് മാസത്തിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചുകൊണ്ട് ലോകത്തെ ഞെട്ടിച്ച വ്യക്തിയാണ് ഉൾഫ് എക്മാൻ. സ്വീഡനിലെ സെക്കുലർ വാദികളെപ്പോലും അമ്പരപ്പിച്ച ഒരു തീരുമാനമായിരുന്നു അത്. കാരണം അത്രയേറെ വളർച്ചയും സ്വാധീനശക്തിയുമുണ്ടായിരുന്ന ഒരു പ്രൊട്ടസ്റ്റന്റ് സഭാനേതാവായിരുന്നു അദ്ദേഹം.

അനേകായിരങ്ങൾ അംഗങ്ങളായിരുന്ന സമൂഹത്തെ ഉപേക്ഷിച്ച് എക്മാനും ഭാര്യ ബെർജിത്തയും ഒരുമിച്ചാണ് ഈ സാഹസ കടമ്പ പിന്നിട്ടത്. സുഹൃത്തുക്കളെയും തന്റെ സഭയിലെ അംഗങ്ങളെയും വർഷങ്ങളായി കൂടെ അധ്വാനിച്ചവരെയും മറന്ന് പലരുടെയും വാക്കുകൾ വേദനയോടെ തിരസ്ക്കരിച്ച് കത്തോലിക്കാ വിശ്വാസം സ്വീകരിക്കാൻ തീരുമാനിച്ചപ്പോൾ താൻ നേരിട്ട മാനസിക സംഘർഷം തെല്ലൊന്നുമല്ലെന്ന് ഉൽഫ് എക്മാൻ പറയുന്നു. കോൺഫറൻസിന് മുന്നോടിയായി ക്രമീകരിക്കപ്പെട്ട ഇന്റർവ്യൂവിൽ അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ. അത് വല്ലാത്തൊരു അനുഭവമായിരുന്നു. പ്രതിസന്ധികളും പ്രശ്നങ്ങളുമെല്ലാം അതിജീവിച്ച് സ്വന്തം വീട്ടിൽ മടങ്ങിയെത്തിയ ഒരാളുടെ ആശ്വാസം പോലെ.

വഴിയിൽ നേരിട്ട പ്രതിസന്ധികളേക്കാൾ വീട്ടിലെത്തിയല്ലോ എന്ന ചിന്തയാണ് തന്നെ ആശ്വസിപ്പിച്ചത് എന്ന് അദ്ദേഹം പറയുമ്പോൾ ദൈവശാസ്ത്രജ്ഞർപോലും പഠനവിധേയമാക്കിയിരുന്ന, ദൈവശാസ്ത്ര വിദ്യാർത്ഥികൾ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രം പഠിക്കുമ്പോൾ ഉദ്ധരിച്ചിരുന്ന ഒരു അതികായകന്റെ മുഖമല്ല അദ്ദേഹത്തിന് സുരക്ഷിതത്വം തേടി സഭാമാതാവിന്റെ മടിത്തട്ടിലേക്ക് ഓടിയെത്തിയ ഒരു മകന്റെ ദീർഘനിശ്വാസം വിടരുന്ന മുഖം.

പുതുജീവിതത്തിൽ ഒരു വർഷം പിന്നിടുമ്പോൾ കത്തോലിക്കാ സഭയിലുള്ള ജീവിതത്തെക്കുറിച്ചും എക്മാൻ വിവരിക്കുന്നു. അനേകം സുഹൃത്തുക്കൾ നഷ്ടപ്പെട്ടെങ്കിലും മറ്റനേകം സുഹൃത്തുക്കൾ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി. ദൈവത്തോട് ഞങ്ങൾ നന്ദിയുള്ളവരാണ്. ജോൺ ഹെൻട്രി ന്യൂമാനെപ്പോലെ ഞങ്ങൾക്കും പറയാൻ സാധിക്കും. സുഹൃത്തുക്കളുടെ ഒരു പൊഴിഞ്ഞുപോക്കു കൂടിയായിരുന്നു ഇത്.

മെത്തഡിസ്റ്റ് സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് മടങ്ങിവന്ന പ്രശസ്തനായ അലൻ ഹണ്ടിനെപ്പോലെ സഹനത്തിന്റെ അർത്ഥം കത്തോലിക്കാ സഭയിൽ അംഗീകരിക്കപ്പെടുന്ന രീതിയും കന്നെ അത്ഭുതപ്പെടുത്തിയിരുന്നുവെന്ന് എക്മാൻ പറയുന്നു. ഞാനും ഭാര്യയും വർഷങ്ങളോളം സഹനത്തിലൂടെ കടന്നുപോയി. വിശുദ്ധ ജോൺ പോൾ രണ്ടാമനും, സിസ്റ്റർ ഫൗസ്റ്റീനയും, വിശുദ്ധ പാദ്രേപിയോയുമാണ് ഞങ്ങൾക്ക് ആ കാലഘട്ടത്തിൽ ആശ്വാസം വൽകിയിരുന്നത്. യേശുവിനോടൊത്ത് സഹിക്കുക എന്ന മനോഹരമായ ആശയംതന്നെ ഞങ്ങൾക്ക് പുതുതായിരുന്നു.

ഇത്തരുണത്തിൽ വേഡ് ഓഫ് ലൈഫ് സമൂഹത്തിന്റെ ദൈവശാസ്ത്രം കൂടി നാം മനസ്സിലാക്കണം. വേഡ് ഓഫ് ലൈഫ് എന്നതിനേക്കാൾ കൂടുതൽ ഉപയുക്തമാവുന്നത് വേഡ് ഓഫ് പെയ്സ് എന്ന വാക്കാണ്. കാരമം ബൈബിളിലെ വാഗ്ദാനങ്ങൾ സ്വന്തമാക്കുവാൻ എല്ലാ വിശ്വാസികൾക്കും സാധിക്കും എന്നതായിരുന്നു അവരുടെ ശുശ്രൂഷയുടെ അടിസ്ഥാനം. രോഗികൾക്ക് സൗഖ്യം നൽകുകയും സകല സമ്പത്തിന്റെ ഉടയവനായിരിക്കുന്ന ദൈവത്തെ സേവിക്കുകയും ചെയ്യുന്ന ഈ സമൂഹം മീഡിയായുടെ പല ആക്രമണങ്ങൾക്കും വിധേയമായി. അംഗവൈകല്യമുള്ളവരെ തിരസ്ക്കരിക്കുന്നുവെന്നും, പാവപ്പെട്ടവർക്കെതിരെ മുഖം തിരിക്കുന്നുവെന്നും വേഡ് ഓപ് ലൈഫ് അംഗങ്ങൾക്കെതിരെ പരാതികളുയർന്നു. സമൃദ്ധിയുടെ സുവിശേഷം മാത്രം പ്രസംഗിക്കുന്ന ഇവരെ അത്തരം മനസ്സുള്ളവരാണ് പിന്തുടരുന്നതെന്നും നിർവചനങ്ങളുണ്ടായി.

യൂറോപ്പിലും മറ്റ് രാജ്യങ്ങളിലും എക്മാന്റെ സമൂഹം നേടിയ സ്വീകാര്യത അത്ഭുതകരമായിരുന്നു. സ്കാൻഡിനേവിയൻ രാജ്യങ്ങൾ (ഡെൻമാർക്, നോർവ, സ്വീഡൻ) കൂടാതെ, ബംഗ്ലാദേശ് റഷ്യ, ഉക്രെയ്ൻ, അർമേനിയ, അസർബൈജാൻ, ടാജികിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, അൽബേനിയ, ഇന്ത്യ തുടങ്ങി രാജ്യങ്ങളിൽ ഈ സമൂഹത്തിന്റെ അംഗങ്ങൾ സജീവമായിരുന്നു. റഷ്യയിലായിരുന്നു എക്മാനും കൂട്ടരും ഏറ്റവും ശക്തമായി പ്രവർത്തിച്ചത്. റഷ്യയിലെ മിക്ക വൻ നഗരങ്ങളിലും സമൂഹത്തിന്റെ കൂട്ടായ്മകൾ സജീവമായി. ആയിരത്തോളം സമൂഹങ്ങൾ ഇവിടെ സ്ഥാപിതമായി. അഞ്ചുലക്ഷത്തോളം അനുയായികൾ ഇവിടെത്തന്നെയായിരുന്നതായി കണക്കുകൾ രേഖപ്പെടുത്തുന്നു. ഇത്രയൊക്കെയുണ്ടായിട്ടും കത്തോലിക്കാ സഭയിലേക്കുള്ള മടക്കത്തിന്റെ കാരണം അദ്ദേഹം വിശദീകരിക്കുന്നതിങ്ങനെ. കത്തോലിക്കാ സഭയുടെ ചരിത്രം, ആധികാരികത, അധികാരം, കൗദാശിക ജീവിതം ഇതൊക്കെയാണ് എന്നെ ആകർഷിച്ചത്. ഏറ്റവും അധികമായി തന്നെ പിടിച്ചുലച്ച സത്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ. നമ്മുടെ ദൈവം സജീവനായി അൾത്താരയിൽ എഴുന്നള്ളുന്നതിനെക്കുറിച്ച് എങ്ങനെയാണ് വിവരിക്കുക. സഭയ്ക്ക് നൽകിയിരിക്കുന്ന മഹത്തായ ദാനമാണിത്. വിശുദ്ധ കുർബ്ബാനയെക്കുറിച്ച് അദ്ദേഹം വാചാലനാകുന്നു.

അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസമാണ് ഉൾഫ് എക്സ്മാന്റെ ജന്മദിനം.അതേക്കുറിച്ച് അദ്ദേഹം പറയുന്നു. സഭയിലേക്കുള്ള എന്റെ മടങ്ങി വരവിൽ മറിയത്തിന്റെ സ്ഥാനം വലുതാണ്. മറിയത്തെ പാടേ തിരസ്കരിക്കുന്ന ഒരു സമൂഹമായിരുന്നു വേഡ് ഓഫ് ലൈഫ് കമ്മ്യൂണിറ്റി എന്നതും ഇവിടെ അനുസ്മരിക്കേണ്ടതാണ്.

ജീവിതത്തിൽ വായിച്ച ഏറ്റവും മനോഹരമായ പുസ്തകം കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം. ഉൾഫ് എക്മാന്റെ ജീവിതയാത്രയിൽ വലിയ സ്വാധീനം ചെലുത്തിയ മറ്റ് ചില ഗ്രന്ഥങ്ങൾ. കർദ്ദിനാൾ റാറ്റ്സിംഗറുടെ ഇൻട്രഡക്ഷൻ ടു ക്രിസ്റ്റ്യാനിറ്റി, ജോൺ പോൾ രണ്ടാമനെക്കുറിച്ചുള്ള പുസ്തകങ്ങൾ വിശുദ്ധ പാദ്രേ പിയോ, ആവിലായിലെ അമ്മത്രേസ്യ, മാക്സ്മില്യൺ കോൾബേ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ, ജോൺ ഹെൻട്രി ന്യൂമാന്റെ അപ്പോളോജിയ, ലൂയി ബോയേ, ഇവ് കോംഗാർ, പോൾ ഹാഫ്നർ തുടങ്ങിയവരും ഇഷ്ട എഴുത്തുകാരാണ്.

ഒഹായോയിലെ കോൺഫറൻസിന് മുമ്പായി നടത്തപ്പെട്ട ഇന്റർവ്യൂവിൽ അദ്ദേഹം ഹൃദയംതുറക്കുന്നു.

അധികാരങ്ങളും സ്ഥാനങ്ങളും ഭാരവും എല്ലാം വേണ്ടെന്നുവച്ചപ്പോൾ വളരെ സരളമായി ജീവിക്കാൻ സാധിക്കുന്നു എന്നതുതന്നെയാണ് ഏറ്റവും വലിയ സന്തോഷം. ചിന്തിക്കാനും പ്രാർത്ഥിക്കാനും ഇപ്പോൾ ഏറെ സമയം ലഭിക്കാറുണ്ട്. ഇനിയും എനിക്കാവുന്നതുപോലെ ഈശോയ്ക്കുവേണ്ടി ജീവിക്കണം.

എല്ലാ ദിവസവും ഞാനും ഭാര്യയും ഒരുമിച്ച് ജപമാല ചൊല്ലും. ബൈബിൾ എന്നും വായിക്കുമായിരുന്നു. ഇപ്പോൾ അതോടൊപ്പം വിശുദ്ധ കുർബ്ബാനയിലുള്ള പങ്കുചേരൽ കൂടിയുണ്ട്. ദിവ്യകാരുണ്യ ആരാധനയ്ക്കും സമയം കണ്ടെത്തുന്നു. അതെത്രയോ അത്ഭുതകരമാണ്.

ഇനി മുന്നോട്ടുള്ള നാളുകളിൽ ഏറ്റവും അധികമായി ചെയ്യുവാൻ ഇഷ്ടപ്പെടുന്ന കാര്യമാണ് മാധ്യമപ്രവർത്തകരെ അമ്പരപ്പിച്ചത്. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും സാധ്യമായ സകല മാധ്യമങ്ങളിലൂടെയും എനിക്ക് ലോകത്തോട് പറയണം ക്രിസ്തുവിനെ സ്നേഹിക്കുകയെന്നാൽ സഭയെ സ്നേഹിക്കുക എന്നാണർത്ഥമെന്ന്. എക്മാനും ബിർജീത്തയ്ക്കും നാലുമക്കളാണുള്ളത്. ആരൺ, ജോനാഥൻ, സാമുവൽ, ബഞ്ചമിൻ.